പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2466

08.12.2015 ൽ മറുപടിയ്ക്ക്

## സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കായികരംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജനക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, ഇതുവഴി ആരോഗ്യമുള്ള ഒരു യുവ ജനതയെ വാർത്തെടുക്കുക, യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകൾക്കും, സർക്കാർ-എയ്ഡഡ് സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താകെ 2000 യൂത്ത് ക്ലബ്ബുകൾക്കും സ്കൂളുകൾക്കുമായി സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നു. ഫുട്ബോൾ, വോളിബാൾ, വോളിബാൾ നെറ്റ്, ഷട്ടിൽ ബാറ്റ്,ഷട്ടിൽ കോർക്ക്, ടെന്നീസ് ബോൾ, ക്രിക്കറ്റ് സ്റ്റമ്പ് വിത്ത് ബെയിൽസ്, ക്രിക്കറ്റ് ബാറ്റ്, ചെസ് ബോർഡ്,സ്കിപ്പിംഗ് റോപ്പ്, ഷട്ടിൽ നെറ്റ് എന്നിവ അടങ്ങിയതാണ് ഒരു സ്പോർട്സ് കിറ്റ്. YEAR-2015 ന്റെ ഭാഗമായി നടക്കുന്ന സംസ്ഥാനതല കായികോപകരണങ്ങളുടെ വിതരണ ഉദ്ഘാടനത്തിന് ശേഷം മറ്റ് എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | 2013-14 സാമ്പത്തിക വർഷം 12,12,752/- രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ അതാത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് യോഗ്യമായത് തെരഞ്ഞെടുത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സംസ്ഥാന ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സര അടിസ്ഥാനത്തിൽ കമ്പനികളിൽ നിന്നും ടെന്ററുകൾ ക്ഷണിക്കുകയുണ്ടായി. ടെന്ററുകളോടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായികോപകരണങ്ങളുടെ സാമ്പിളുകൾ കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ടെക്നിക്കൽ ഓഫീസർ, കോച്ചുകൾ(ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ) എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ധമായി പരിശോധിക്കുകയും ഗുണയോഗ്യമായവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ബോർഡിന്റെ എക്സ്പെർട്ട് മെമ്പർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളുമായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണയോഗ്യമായ കായികോപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലേ ഓർഡർ നൽകുകയും എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും പ്രസ്തുത |

കമ്പനികൾ കായികോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. YEAR-2015 ന്റെ ഭാഗമായി നടക്കുന്ന സംസ്ഥാനതല കായികോപകരണങ്ങളുടെ വിതരണ ഉദ്ഘാടനത്തിന് ശേഷം മറ്റ് എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതാണ്

സെക്ഷൻ ഓഫീസർ